# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2746 — 17.10.2016 ൽ മറുപടിയ്ക്ക്

### മാനസികാസ്വാസ്ഥ്യമുള്ള തടവുകാർ

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ മാനസികാസ്വാസ്ഥ്യമുള്ള തടവുകാരെ പാർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ജയിലുകളിൽ മാനസികാസ്വാസ്ഥ്യമുള്ള തടവുകാരെ പാർപ്പിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല. |
| (ബി) | ഇത്തരം തടവുകാരെ മറ്റ് തടവുകാർക്കൊപ്പം പാർപ്പിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജയിലുകളിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ; | (ബി) | ഇത്തരം തടവുകാരെ പാർപ്പിക്കുന്നതിന് ജയിലുകളിൽ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ എല്ലാ ജയിലുകളിലും പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | (സി) | ഇത്തരം കേന്ദ്രങ്ങൾ എല്ലാ ജയിലുകളിലും സ്ഥാപിക്കുന്നത് പ്രായോഗികമല്ല. സ്ഥല ലഭ്യതയുള്ള മൂന്ന് സെൻട്രൽ ജയിലുകളോടനുബന്ധിച്ച് ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ് നടപടി സ്വീകരിച്ചുവരുന്നത്. |
| (ഡി) | ഇത്തരം കേന്ദ്രങ്ങളിൽ ഡോക്ടർമാരുടേയും മറ്റ് ആരോഗ്യ വകുപ്പ് ജീവനക്കാരുടെയും സ്ഥിരം സേവനം ഒരുക്കുന്നതിനാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഇത്തരം കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും മറ്റ് പാരാ മെഡിക്കൽ സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ